**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2739** **17-03-2022 - ൽ മറുപടിയ്ക്ക്**

**വായ്പ തിരിച്ചടവിന് സാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഒല്ലൂക്കര സഹകരണ ബാങ്കിൽ നിന്ന് വായ്പ തിരിച്ചടവ് നോട്ടീസ് ലഭിച്ചതിനെ തുടർന്ന് തൃശ്ശൂർ നല്ലങ്കര സ്വദേശി വിജയൻ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്കിലെ എ.26977-ാം നമ്പർ അംഗമായ നെല്ലങ്കറ ദേശത്ത് നെടുവീട്ടിൽ പരേതനായ വിജയൻ, ഭാര്യ മീനാക്ഷിയുടെ പേരിൽ ആധാരം പണയപ്പെടുത്തി 4,50,000/- രൂപ 30.01.2014 തീയതിയിൽ വായ്പ എടുത്തിരുന്നു. ടി വായ്പയിലേക്ക് നാളിതുവരെ യാതൊരു തിരിച്ചടവും നടത്തിയിട്ടില്ല. ആയതിനാൽ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2022 ന്റെ ഭാഗമായി നോട്ടീസ് നൽകുന്നതിന് ബാങ്ക് ജീവനക്കാർ ടിയാളുടെ വീട്ടിൽ പോകുകയും, ശ്രീ.വിജയൻ നോട്ടീസ് കൈപ്പറ്റുകയും ചെയ്തു. 18.02.2022 തീയതിയിൽ ടിയാളുടെ മകൻ വിജീഷ് അദാലത്തിന് ഹാജരാവുകയും, സ്ഥലം വിൽപ്പന ആയിട്ടുണ്ടെന്നും മാർച്ച് 25 നകം വായ്പ തീർക്കാമെന്നും അറിയിച്ചു. ശ്രീ.വിജയൻ ആത്മഹത്യ ചെയ്തത് സംബന്ധിച്ച പോലീസിന്റെ പ്രഥമ വിവര റിപ്പോർട്ട് പ്രകാരം ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്കിലെ വായ്പ കുടിശ്ശിക നോട്ടീസ് സംബന്ധിച്ച് യാതൊരു പരാമർശവും ഇല്ലാത്തതും, ടിയാന്റെ രോഗാവസ്ഥ യാണ് ആത്മഹത്യയിലേക്ക് നയിച്ച തെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | സമാന സംഭവങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | വായ്പക്കാരുടെ ബാധ്യതയും, കുടിശ്ശികയും കുറയ്ക്കുന്നതിനും കോവിഡ്-19 മഹാമാരി കാരണം ജീവിതം ദുസ്സഹമായ വായ്പക്കാർക്ക് ആശ്വാസമാകുക എന്ന ലക്ഷ്യത്തോട് കൂടിയും, കുടിശ്ശിക വായ്പകൾക്ക് ലഭ്യമാക്കാവുന്ന പരമാവധി ഇളവുകൾ നൽകി വായ്പകൾ അവസാനിപ്പിക്കുന്നതിലേക്കുമായി നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ